**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **07-06-2021 - ൽ മറുപടിയ്ക്ക്**


**കുഞ്ഞാമിന കൊല്ലപ്പെട്ട കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക നാല് വർഷങ്ങൾക്ക് മുമ്പ് കൊല്ലപ്പെട്ട കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s 397, 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് പോലീസ് അന്വേഷണം നടത്തി വരുന്നു. പ്രതികൾ കൃത്യം നടത്തുന്നതിനുമുമ്പ് താമസിച്ചിരുന്ന ലോഡ്ജുകളിലെ സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്നും ലഭിച്ച ഫോട്ടോഗ്രാഫുകൾ പരാതിക്കാരനെയും മറ്റ് സാക്ഷികളെയും കാണിച്ചിട്ടുള്ളതും കുഞ്ഞാമിന വധവുമായി ബന്ധപ്പെട്ട കേസിലെ പ്രതികൾ മേൽപ്പറഞ്ഞ ലോഡ്ജുകളിൽ താമസിച്ച 3 പേർ ആയിരിക്കുമെന്ന് സാക്ഷികളുടെ മൊഴി സാഹചര്യത്തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥിരീകരി ച്ചിട്ടുണ്ട്. കൂടാതെ ആന്ധ്രാപ്രദേശിലെ ഓംഗോൾ എന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ പരിധിയിൽ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിൽ ലഭിച്ച പ്രതികളുടെ ഫിംഗർ പ്രിന്റും ഈ കേസിലെ സംഭവസ്ഥലത്തു നിന്ന് ലഭിച്ച ഫിംഗർ പ്രിന്റും ഒന്നാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. എന്നാൽ പ്രതികൾ സമർത്ഥമായ രീതിയിൽ മൊബൈൽ ഫോണുകൾ ഉപേക്ഷിച്ചോ / ഉപയോഗിക്കാ തെയോ വിവിധ സംസ്ഥാനങ്ങളിൽ മാറിമാറി ഒളിവിൽ താമസിക്കുന്നതിനാൽ പ്രതികളെ നാളിതുവരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതി നായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും Look Out Circular (LOC) തയ്യാറാക്കി അയച്ചിട്ടുണ്ട്. |
| (ബി) | കേസന്വേഷണം പോലീസിലെ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്നും നിലവിൽ അവരുടെ നിഗമനങ്ങൾ എന്തെന്നും അറിയിക്കാമോ; | (ബി) | ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s 397, 302 IPC പ്രകാരം |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്ത കേസ്സ് പോലീസ് അന്വേഷണം നടത്തി വരുന്നു. പ്രതികൾ കൃത്യം നടത്തുന്നതിനുമുമ്പ് താമസിച്ചിരുന്ന ലോഡ്ജുകളിലെ സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്നും ലഭിച്ച ഫോട്ടോഗ്രാഫുകൾ പരാതിക്കാരനെയും മറ്റ് സാക്ഷികളെയും കാണിച്ചിട്ടുള്ളതും കുഞ്ഞാമിന വധവുമായി ബന്ധപ്പെട്ട കേസിലെ പ്രതികൾ മേൽപ്പറഞ്ഞ ലോഡ്ജുകളിൽ താമസിച്ച 3 പേർ ആയിരിക്കുമെന്ന് സാക്ഷികളുടെ മൊഴി സാഹചര്യത്തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ ആന്ധ്രാപ്രദേശിലെ ഓംഗോൾ എന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ പരിധിയിൽ കെട്ടിയിട്ട് കവർച്ച നടത്തിയ കേസിൽ ലഭിച്ച പ്രതികളുടെ ഫിംഗർ പ്രിന്റും ഈ കേസിലെ സംഭവസ്ഥലത്തു നിന്ന് ലഭിച്ച ഫിംഗർ പ്രിന്റും ഒന്നാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. എന്നാൽ പ്രതികൾ സമർത്ഥമായ രീതിയിൽ മൊബൈൽ ഫോണുകൾ ഉപേക്ഷിച്ചോ / ഉപയോഗിക്കാ തെയോ വിവിധ സംസ്ഥാനങ്ങളിൽ മാറിമാറി ഒളിവിൽ താമസിക്കുന്നതിനാൽ പ്രതികളെ നാളിതുവരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതി നായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും Look Out Circular (LOC) തയ്യാറാക്കി അയച്ചിട്ടുണ്ട്. |
| (സി) | അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന ബന്ധുക്കളുടേയും നാട്ടുകാരുടേയും പരാതി പരിഗണിച്ച് കേസ് അന്വേഷണം സി. ബി. ഐ-ക്ക് വിടാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നല്ല രീതിയിൽ പോലീസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ